(ബി) ഈ പദ്ധതിപ്രകാരം സഹകരണ ബാങ്കുകൾക്ക് ഉണ്ടായ നഷ്ടം എത്രയെന്ന് അറിയിക്കാമോ;

(സി) ഇനിയും ഒ.റ്റി.എസ്. പദ്ധതി സമയബന്ധിതമായി ആവിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 31-3-2005 വരെ പ്രാഥമിക സഹകരണ സംഘങ്ങളിലും ജില്ലാ സഹകരണ ബാങ്കുകളിലുമായി 5,42,902 പേർക്കും സംസ്ഥാന സഹകരണ ബാങ്കിൽ 407 പേർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക സംഘങ്ങളും ജില്ലാ ബാങ്കും 191.59 കോടി രൂപയുടെയും സംസ്ഥാന സഹകരണ ബാങ്ക് 7.43 കോടി രൂപയുടെയും ഇളവ് അനുവദിച്ചിട്ടുണ്ട്. നിഷ്ക്രിയ-കുടിശ്ശിക ആസ്തികൾ പിരിച്ചെടുക്കാൻ കഴിഞ്ഞുവെന്നതിനാൽ ടി ഇളവ് നഷ്ടമായി പരിഗണിക്കാൻ കഴിയില്ല.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ബാങ്കിന്റെ പ്രവർത്തനം

105 [575] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ എത്ര അംഗങ്ങളുണ്ട്;

(ബി) ഇവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബാങ്കിൽ എത്ര രൂപ ഡെപ്പോസിറ്റുണ്ട്;

(ഡി) ഈ ബാങ്കിന് കടബാധ്യതയുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 30-6-2005 വരെ മണ്ണാർക്കാട് സർവ്വീസ് സഹകരണ ബാങ്കിൽ 7431 അംഗങ്ങളുണ്ട്;

(ബി) സർക്കാർ, കർഷകർ, മറ്റ് കർഷകേതരർ എന്നിവരാണ് ടി ബാങ്കിലെ അംഗങ്ങൾ.

(സി) 30-6-2005-ലെ കണക്കനുസരിച്ച് 17,11,46,158 രൂപ നിക്ഷേപം ഉണ്ട്.

(ഡി) ഉണ്ട്. ജില്ലാ ബാങ്കിൽ 7.30 കോടി രൂപയുടെ കടബാധ്യതയാണ് ഇപ്പോൾ ഈ ബാങ്കിനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly